# ഗവ.ന്യൂ എൽ .പി .സ്കൂൾ

# കല്ലിമേൽ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025 -26

# ആമുഖം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റുന്നതിനാണ് ഓരോ വിദ്യാലയവും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. ഓരോ വിദ്യാർത്ഥിയുടെയും നൈസർഗികമായ കഴിവുകളും അഭിരുചികളും വികസിപ്പിച്ചെടുത്ത അവരെ മികവിലേക്ക്h ഉയർത്തുവാൻ സാധിച്ചാൽ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം പൂർണമാകു. വീട്ടിലും സ്കൂളിലുമായി ലഭിക്കുന്ന അനുഭവങ്ങൾ പരിഗണനകൾ നേരിടുന്ന വെല്ലുവിളികൾ സഹജമായ താല്പര്യങ്ങൾ എന്നിവ ഓരോ കുട്ടിയിലും വ്യത്യസ്തമാണ് അളവിലും ഗുണത്തിലും ഉള്ള ഈ വ്യത്യസ്തതകൾ പരമാവധി പരിഗണിച്ച് ഓരോ കുട്ടിക്കും പഠനത്തിലൂടെ മികവാർന്ന രീതിയിൽ വളരാനും വികസിക്കാനുമുള്ള അവസരം ഒരുക്കുകയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഊന്നൽ.

പൊതു വിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്നോട്ടു കൊണ്ടു പോകാനും എല്ലാ കുട്ടികൾക്കും സമഗ്ര ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയും ആണ് ഈ മാസ്റ്റർ പ്ലാനിന്റെ പ്രധാന ലക്ഷ്യം സജീവമായ പിടിഎ അധ്യാപക സംഘം രക്ഷിതാക്കൾ പൊതുസമൂഹം എന്നിവയുടെ സഹകരണത്തോടെ പുതിയ വിദ്യാഭ്യാസ വർഷത്തിലും മികവിന്റെ പാതയിൽ തുടരണം എന്ന ദൃഢനിശ്ചയത്തോടെയാണ് ഈ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത് വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്ര പുരോഗതിക്കുമായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർ പ്ലാൻ അതിന്റെ ഉദ്ദേശങ്ങൾ നേടിയെടുക്കുമെന്ന് വിശ്വാസത്തോടെ സമർപ്പിക്കുന്നു

പ്രഥമാധ്യാപിക

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| • വിദ്യാലയത്തിന്റെ പേര് | : ഗവ. ന്യൂ എൽപിഎസ് കല്ലിമേൽ |
| • സ്കൂൾ കോഡ് | : 36230 |
| • വിദ്യാഭ്യാസ ഉപജില്ല | : മാവേലിക്കര |
| • വിദ്യാഭ്യാസ ജില്ല | : മാവേലിക്കര |
| • **B. R. C** | : മാവേലിക്കര |
| • **C. R. C** | : ഗവ എൽ പി സ്കൂൾ വെട്ടിയാർ |
| • ഗ്രാമപഞ്ചായത്ത് | : തഴക്കര |
| • ബ്ലോക്ക് പഞ്ചായത്ത് | : മാവേലിക്കര |
| • ജില്ലാ പഞ്ചായത്ത് | : ആലപ്പുഴ |
| • താലൂക്ക് | : മാവേലിക്കര |
| • വില്ലേജ് | : വെട്ടിയാർ |

# സ്കൂൾ ചരിത്രം

കേരള സംസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ വെട്ടിയാർ വില്ലേജിൽ തഴക്കര പഞ്ചായത്തിൽ  വാർഡിൽ സ്ഥിതി ചെയ്യുന്ന സരസ്വതി ക്ഷേത്രമാണ് കല്ലിമേൽ ഗവ .ന്യൂ എൽ .പി .സ്കൂൾ .

അച്ചൻകോവിൽ ആറിന്റെ സാന്നിധ്യത്താൽ ധന്യമായ കല്ലിമേൽ ഗ്രാമത്തിലെ സാധാരണക്കാരായ ആളുകളുടെ പ്രാഥമിക വിദ്യാഭ്യാസത്തിന് ഏക ആശ്രയമായി നിലകൊണ്ട സരസ്വതി ക്ഷേത്രമായിരുന്ന കല്ലിമേൽ എസ് സി എൽ പി എസ്. ഈ സ്കൂളിലേക്കുള്ള യാത്ര ദുരിതമായപ്പോൾ നാടിന്റെ പ്രശ്നങ്ങളിൽ ക്രിയാൽമകമായി ഇടപെട്ടിരുന്ന ചാങ്ങയിൽ ശ്രീ കൃഷ്ണപിള്ള യുടെ നേതൃത്വത്തിൽ രാഘവൻപിള്ള പാറക്കാട്ട്, അമ്മ ദേവി പിള്ള, മലയിൽ കുട്ടിയമ്മ, മേലൂട്ട് കൃഷ്ണപിള്ള, തുടങ്ങിയവരുടെ സഹായത്തോടെ കൊച്ചാലുവിള മഹാദേവ ക്ഷേത്രത്തിന് സമീപത്തായി കിഴക്കേ മലയിൽ കുടുംബ വസ്തുവിൽ 50 സെന്റ് സ്കൂൾ നിർമ്മിക്കുന്നതിനായി ദാനാധാരമായി നൽകി.

1962-63 അധ്യയന വർഷം മുതൽ കല്ലിമ്മേൽ ഗവൺമെന്റ് ന്യൂ എൽ. പിഎസ് എന്ന പേരിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഇപ്പോൾ നിലവിലുള്ള കെട്ടിടങ്ങൾ 1968 പണികഴിപ്പിച്ചതാണ്. എസ് സി എൽപിഎസ് പിൽക്കാലത്ത് അടച്ചു പൂട്ടുകയും ചെയ്തു.

# പൊതു ലക്ഷ്യങ്ങൾ

- ശിശു സൗഹാർദ്ദ സമീപനം സ്വീകരിക്കുക
- കുട്ടികളുടെ സവിശേഷ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക
- എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനും ഉള്ള കഴിവ് ഉറപ്പാക്കുക
- സയൻസ് ലാബ് ഗണിത ലാബ് തുടങ്ങിയവ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തനക്ഷമമാക്കുക
- ആധുനിക സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നതു വഴി മെച്ചപ്പെട്ട പഠന അനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തുക
- അഭിപ്രായങ്ങളും അനുഭവങ്ങളും തുറന്നു പറയാൻ ഓരോ കുട്ടിക്കും അവസരം നൽകുക

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • മലയാളം-ഇംഗ്ലീഷ് ഭാഷാശേഷി വികസനം<br>• ഗണിത ശേഷി വികസനം<br>• വായനാശീലം വളർത്തൽ<br>• ലാബ് ലൈബ്രറി വികസനം<br>• ബോധവൽക്കരണ ക്ലാസുകൾ<br>• പഠനയാത്ര<br>• സെമിനാറുകൾ<br>• വൈവിധ്യ അസംബ്ലി<br>• ഇംഗ്ലീഷ് കോർണർ<br>• ദിനാചരണം<br>• യൂണിറ്റ് ടെസ്റ്റ്<br>• മൂല്യനിർണയം<br>• വിലയിരുത്തൽ | • കളിസ്ഥലം<br>• കളി ഉപകരണങ്ങൾ<br>• സ്റ്റാഫ് റൂം<br>• സ്മാർട്ട് ക്ലാസ്സ് റൂം<br>• കമ്പ്യൂട്ടർ ലാബ്<br>• സ്റ്റോർ റൂം<br>• ഡൈനിങ് ഹാൾ | • പൂർവ്വ വിദ്യാർത്ഥി സംഘടന ശക്തിപ്പെടുത്തൽ<br>• ഭവന സന്ദർശനം<br>• മികവുകൾ സമൂഹത്തെ പരിചയപ്പെടുത്തൽ<br>• സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കൽ<br>• കോർണർ പിടിഎ<br>• **PTA,MPTA** സജീവമാക്കൽ |

# അക്കാദമിക ഭൗതിക നേട്ടങ്ങൾ- പരിമിതികൾ

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| • അക്കാദമി പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം<br>• പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്കുള്ള വ്യക്തിഗത സപ്പോർട്ട്<br>• കലാ പഠനം പ്രവർത്തിപരിചയ പഠനം കായിക പഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം<br>• ഹെൽത്തി കിഡ്സ് പദ്ധതി<br>• സർഗാത്മക വേദികൾ ആശയപ്രകടന വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം<br>• പാഠ്യേതര പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ തുടങ്ങിയവ മികച്ച രീതിയിൽ നടപ്പാക്കുന്നു | • വായനയ്ക്ക് പ്രോത്സാഹനം നൽകുന്നുണ്ടെങ്കിലും നന്നായി വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്<br>• ഭാഷാശേഷി ഗണിതശേഷി എന്നിവ പൂർണമായി കൈവരിക്കാൻ കുട്ടികൾക്ക് കഴിഞ്ഞിട്ടില്ല<br>• പൊതുവിജ്ഞാന മേഖലയിൽ കുട്ടികളുടെ പിന്നോക്ക അവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്<br>• കമ്പ്യൂട്ടറുകളുടെ അപര്യാപ്തത മൂലം ഐടി അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് ക്ലാസ് റൂം പ്രവർത്തനങ്ങൾ ഒരുക്കാൻ ആയിട്ടില്ല<br>• കുട്ടികളുടെ പഠന പിന്നോക്ക അവസ്ഥ പരിഹരിക്കേണ്ടതുണ്ട്. |

# ലക്ഷ്യങ്ങൾ

(മലയാളം, ഇംഗ്ലീഷ്)

➡ അക്ഷരങ്ങൾ തിരിച്ചറിയുന്നു

➡ വാക്യങ്ങൾ, വാചകങ്ങൾ വായിക്കുന്നു. എഴുതുന്നു.

➡ മലയാളം , ഇംഗ്ലീഷ്, ആശയഗ്രഹണത്തോടെ വായിക്കാനും എഴുതാനും കഴിവുണ്ടാക്കുക.

➡ സ്വന്തമായി അഭിപ്രായങ്ങൾ പ്രകടിപ്പിക്കാൻ അവസരം സൃഷ്ടിക്കാൻ കഴിയുക

➡ വിവിധ വിഷയങ്ങളിൽ സർഗാത്മകമായി ആശയങ്ങളിൽ, രചനകൾ നിർമിക്കാൻ കഴിയുക

➡ വ്യത്യസ്തമായ ആശയങ്ങൾ, അവതരിപ്പിക്കുക.

# പരിസര പഠനം

- ➡ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും നിഗമനങ്ങൾ അവതരിപ്പിക്കാനുമുള്ള കഴിവ്
- ➡ വിവിധ ശാസ്ത്ര ഉപകരണങ്ങൾ , മാതൃകകൾ, നിർമ്മിക്കാൻ കഴിയുക.
- ➡ വിവിധ ശാസ്ത്ര പുസ്തകങ്ങൾ വായിക്കാനും ശേഖരിക്കാനും താൽപര്യം
- ➡ വിവിധ കണ്ടുപിടുത്തങ്ങളിൽ ഏർപ്പെടാൻ കഴിയുക.
- ➡ വിവിധ പ്രൊജക്ടുകൾ ഏറ്റെടുത്ത് ചെയ്യാൻ കഴിയുക.
- ➡ വർഗ്ഗീകരണം

# ഗണിതം

- 1 മുതൽ10,000 വരെ എണ്ണാനും എഴുതാനും
- ഗണിതം മധുരം – രസകരമായും , താൽപര്യത്തോടെയും ഗണിതത്തെ സമീപിക്കാൻ.
- പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യാൻ.
- വിവിധ ഗണിത ലേഖനങ്ങൾ, പുസ്തകങ്ങൾ, ശാസ്ത്രജ്ഞൻമാരുടെ ജീവ ചരിത്രം എന്നിവവായിക്കാനുള്ള താൽപര്യം
- ജ്യാമിതീയ രൂപങ്ങളുടെ അളവുകൾ കണ്ടെത്താനും വിവിധ അളവുകളിൽ വരയ്ക്കാനും കഴിയുക
- മാന്ത്രികചതുരം, പാറ്റേണുകൾ കണ്ടെത്താൻ.

## കലാ കായിക ആരോഗ്യ വിദ്യാഭ്യാസം

- ➡ മാനസിക ഉല്ലാസം വർദ്ധിപ്പിക്കുന്നതിന്.
- ➡ നേതൃഗുണം ഉണ്ടാകുന്നതിന്.
- ➡ ശാരീരിക മാനസിക ആരോഗ്യം ഉണ്ടാകുന്നതിന്
- ➡ കളിയുപകരണങ്ങൾ, പ്രദർശവസ്ത്രുക്കൾ നിർമ്മിക്കുന്നതിന്.
- ➡ ചിത്ര രചനകളിൽ ഏർപ്പെടുന്നതിന്
- ➡ ലഘു വ്യായാമങ്ങളിൽ ഏർപ്പെടുന്നതിനും ദിനചര്യയായി പിന്തുടരാനും
- ➡ വിവിധ കളികളുടെ നിയമങ്ങൾ അറിയുന്നതിന്.

## മലയാളം & ഇംഗ്ലീഷ്

| ലക്ഷ്യങ്ങൾ | പ്രവർത്തനരീതി & അവതരണം | സമയം | പഠനോപകരണം | മറ്റു മാർഗങ്ങൾ/സാധ്യതകൾ |
|---|---|---|---|---|
| അക്ഷരങ്ങൾ തിരിച്ചറിയുന്നു. വാക്യം/ വാചകങ്ങൾ വായിക്കുന്നു. എഴുതുന്നു. (മലയാളം, ഇംഗ്ലീഷ് & അറബി ) | അക്ഷര കാർഡ്<br>വേർഡ് കാർഡ് &<br>പാഠഭാഗവുമായി ബന്ധപ്പെട്ട്<br>പുതിയ പദങ്ങൾ, പത്രങ്ങളിലെ<br>പുതിയ പദങ്ങൾ | പ്രഭാത ക്ലാസ്/<br>സായാഹ്ന ക്ലാസ്<br>പാഠഭാഗവുമായി<br>ബന്ധപ്പെട്ട<br>പ്രവർത്തനത്തിൽ | വർക്ക്ഷീറ്റ് ബുക്കുകൾ,<br>അക്ഷരക്കാർഡ് | ICT<br>News Paper<br>Audio |
| ആശയഗ്രഹണത്തോടെ വായിക്കാനും എഴുതാനും കഴിവുണ്ടാക്കുക. | പാഠഭാഗം<br>പത്രങ്ങൾ<br>ടി.വി<br>&<br>വായിപ്പിക്കുവാൻ<br>കേൾക്കാൻ അവസരം (ടി.ബി) | പ്രഭാത ക്ലാസ്/<br>സായാഹ്ന ക്ലാസ്<br>പാഠഭാഗം<br>പഠിപ്പിക്കുമ്പോൾ | ടി.ബി<br>പത്രങ്ങൾ | ICT<br>News Paper |
| സ്വന്തമായി ആശയ/ അഭിപ്രായങ്ങൾ അവതരിപ്പിക്കാൻ കഴിയുക. (മലയാളം, ഇംഗ്ലീഷ്, അറബി ) | പത്രം<br>ചർച്ചകൾ<br>വാർത്ത<br>&<br>വിവിധ വിഷയങ്ങളായി<br>ചർച്ചകൾ സംഘടിപ്പിക്കുക | പാഠഭാഗം<br>പഠിപ്പിക്കുമ്പോൾ,<br>ബാലസഭ, | പുസ്തകങ്ങൾ | ICT |
| വിവിധ വിഷയങ്ങളിൽ സർഗാത്മകമായി ആശയങ്ങൾ രചനകൾ നടത്താൻ കഴിയുക. | പാഠഭാഗ ആശയം<br>വിവിധ രീതിയിൽ അവതരിപ്പിക്കാൻ ശ്രമിക്കുന്നത്.<br><br>ഉദാ: നാടകം | ബാലസഭ,<br>കലാമേളകൾ | മാതൃകകൾ | ICT |

# ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനരീതി & അവതരണം | സമയം | പഠനോപകരണം | മറ്റു മാർഗങ്ങൾ/സാ |
|---|---|---|---|---|
| 1 മുതൽ 10000 വരെ എഴുതാനും പറയാനും | സംഖ്യാ കാർഡ്, സംഖ്യാപോക്കറ്റ് കളിനോട്ട്, .... പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. | പ്രഭാത സായാഹ്ന ക്ലാസ് ക്ലാസ് റൂം പ്രവർത്തനം അവധി ദിനക്ലാസുകൾ | സംഖ്യാകാർഡ് പോക്കറ്റ് ഗണിത കിറ്റ് | വിവരണ സാങ്കേതിക വി |
| ഗണിതം മധുരം രസകരമായും താൽപര്യത്തോടെയും ഗണിതത്തെ സമീപിക്കാൻ. | ഗണിതത്തിൽ താൽപര്യം ഉണ്ടാകുന്നതിന് വിവിധ കളികളിലൂടെ പഠനം തുടരുക. ഉദാ : ലൂഡോ, ചെസ്, പാമ്പും ഏണിയും, പാഠഭാഗത്തെ പ്രവർത്തനങ്ങൾ, പഠനവൈകല്യമുള്ളവർ എന്നിവർക്കുള്ള പ്രവർത്തനങ്ങൾ | പാഠഭാഗവുമായി ബന്ധപ്പെട്ട് | ഗണിതകിറ്റ് കളിയുപകരണങ്ങൾ ചെസ്, പാമ്പും, | വിവര സാങ്കേതിക വി |
| പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യാൻ ( സങ്കലനം, വ്യവകലനം, ഗുണനം, ഹരണം, സമയം, തുടങ്ങിയവ | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങളിൽ ഇത്തരം പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽക്കുക. | തുടർ പ്രവർത്തനങ്ങൾ പാഠാസൂത്രണം | ടി.ബി കളി നോട്ട്. ക്ലോക്ക് സ്കെയിൽ മീറ്റർ. | വിവര സാങ്കേതിക വി |
| വിവിധ ഗണിത ലേഖനങ്ങൾ , പുസ്തകങ്ങൾ, ഗണിത ശാസ്ത്രജ്ഞന്മാരുടെ ജീവ ചരിത്രകുറിപ്പ് എന്നിവ താൽപര്യത്തോടെ വായിക്കുന്നതിന്. | ലൈബ്രറികൾ ഉപയോഗപ്പെടുത്തുക | ലൈബ്രറി - ദിനങ്ങളിൽ | ലൈബ്രറി | വിവര സാങ്കേതിക വി |
| ജ്യാമിതീയ രൂപങ്ങളുടെ അളവുകൾ കണ്ടെത്താനും വരയ്ക്കാനും | ചുറ്റുമുള്ള ജ്യാമിതീയ രൂപങ്ങളെക്കുറിച്ച് ധാരണ വരുന്നതിന് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക. | പാഠാസൂത്രണം പ്രോജക്ട് | രൂപങ്ങൾ ചതുരം, സമചതുരം, സമചതുരം, ത്രികോണം, ഗണിതകിറ്റ് | വിവര സാങ്കേതിക വി |
| മാന്ത്രികചതുരംഗങ്ങൾ , പാറ്റേൺ എന്നിവ കണ്ടെത്താം | ഗണിത മത്സരങ്ങൾ, മേളകൾ തുടങ്ങിയവയിലും പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനം ആസൂത്രണം ചെയ്യുക | മേളകൾ ഒഴിവുസമയങ്ങൾ ഒഴിവു ദിനങ്ങൾ | ഗണിതകിറ്റ് | വിവര സാങ്കേതിക വി |

# EVS

| ലക്ഷ്യങ്ങൾ | പ്രവർത്തനരീതി & അവതരണം | സമയം | പഠനോപകരണം | മറ്റു മാർഗങ്ങൾ/സാധ്യതകൾ |
|---|---|---|---|---|
| പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും നിഗമനങ്ങൾ അവതരിപ്പിക്കാനും കഴിവ് ഉണ്ടാക്കുക. | പരീക്ഷണങ്ങൾ<br>പാഠഭാഗം അനുബന്ധം<br>ഫീൽഡ് ട്രിപ് (പരിസര നടത്തം)<br>പാഠഭാഗവുമായി ബന്ധപ്പെട്ട്<br>വിവിധ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട്. | ഒഴിവ് ദിനങ്ങൾ<br>ദിനാചരണങ്ങൾ | പരിസ്ഥതി<br>(ആവാസ് വ്യവസ്ഥ) | വിവര സാങ്കേതിക വിദ്യ |
| വിവിധ ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനും വിവിധ മാതൃകകൾ നിർമ്മിക്കാനും കഴിവ് . | നിർമ്മാണം....<br>വിവിധ ശാസ്ത്ര പരീക്ഷണങ്ങൾ ചെയ്യാനും വിവിധ ശാസ്ത്ര ഉപകരണങ്ങൾ നിർമ്മിക്കാനും അവസരം | ദിനാചരണങ്ങൾ<br>WE | ശാസ്ത്രോപകരണ നിർമ്മാണ വസ്തുക്കൾ | ICT<br>(വിവര സാങ്കേതിക വിദ്യ)<br>ഒരു മാസം ഒരതിഥി<br>ശാസ്ത്ര ദിനം |
| വിവിധ ശാസ്ത്ര പുസ്തകങ്ങൾ വായിക്കാനും കഴിയുക. | പാഠഭാഗവുമായി ബന്ധപ്പെട്ടും വിവിധ ശാസ്ത്രജ്ഞന്മാരുമായി ബന്ധപ്പെട്ടും പുസ്തക പരിചയം | ദിനാചരണങ്ങൾ | ലൈബ്രറി | ശാസ്ത്ര ദിനം |
| പ്രോജക്ടുകളിൽ ഏർപ്പെടാൻ കഴിയുക | ചുറ്റുമുള്ള ലഘുപ്രശ്നങ്ങൾ പ്രോജക്ടായി അവതരിപ്പിക്കാൻ അവസരം സൃഷ്ടിക്കുക | പാഠഭാഗം | പുസ്തകം<br>പത്രങ്ങൾ | സാമൂഹിക പ്രശ്നങ്ങൾ |
| വിവിധ കണ്ടുപിടിത്തങ്ങളിൽ ഏർപ്പെടാനുള്ള കഴിവ് | വ്യത്യസ്ത പ്രശ്നങ്ങൾ അവതരിപ്പിച്ച് പരിഹാരം കാണാൻ അവസരം ഒരുക്കുക<br>(പാഠഭാഗം) | ദിനാചരണം | വിഷയവുമായി ബന്ധപ്പെട്ടത് | ICT |
| മാനദണ്ഡങ്ങൾക്കനുസരിച്ച് തരംതിരിക്കുന്നവരെയ വർഗ്ഗീകരിക്കുക | പാഠഭാഗത്തു നിന്നുമുള്ള പ്രവർത്തനങ്ങൾ.<br>പ്രോജക്ടുകൾ,<br>നിരീക്ഷണവുമായി ബന്ധപ്പെട്ട്. | ദിനാചരണങ്ങൾ<br>പ്രോജക്റ്റുകൾ ചെയ്യുമ്പോൾ<br>പരിസര നടത്തം | ലൈബ്രറി പുസ്തകങ്ങൾ<br>വ്യക്തികൾ | ചർച്ചകൾ<br>ICT<br>സംവാദങ്ങൾ |

GOVT. NEW L.P. SCHOOL
MAVELIKARA
KALLIMEL P.O.

# കലാ കായിക വിദ്യാഭാസം

| ലക്ഷ്യങ്ങൾ | പ്രവർത്തനരീതി & അവതരണം | സമയം | പഠനോപകരണം | മറ്റു മാർഗങ്ങൾ/സാധ്യതകൾ |
|---|---|---|---|---|
| മാനസിക ഉല്ലാസം നിർവ്വഹിക്കുക. | ഉന്നം – മാനസിക ഉല്ലാസത്തിന് അമ്പും വില്ലും ഉപയോഗിച്ചും മറ്റുമുള്ള കളികൾ | പ്രഭാതം<br>സായാഹ്നം | അമ്പും വില്ലും<br>കപ്പും മുത്തും | ICT<br>ഡാൻസുകൾ (എറോബിക് ) |
| നേതൃത്വ ഗുണം വളർത്തുക<br>സഹകരണ മനോഭാവം ഉണ്ടാകുക | ഇന്നത്തെ താരം<br>ഓരോ മത്സരത്തിനും നായകരായി ഓരോരുത്തർക്കും അവസരം<br>എല്ലാവർക്കും അവസരം ഒരുക്കുക (കളിയിൽ) | പി ടി. സമയം<br>ഗ്രൂപ്പ് പ്രവർത്തനങ്ങൾ<br>(പാഠാസൂത്രണം) | കായിക ഉപകരണങ്ങൾ | ICT |
| ശാരീരിക മാനസിക വളർച്ച | കളിക്കാം —— രസിക്കാം<br>കുട്ടികളിൽ മാനസിക സംഘർഷം കണ്ടാൽ വിവിധ ഉല്ലാസങ്ങളിൽ എർപ്പെടുക | പാഠാസൂത്രണം<br>പി.ടി സമയം | പാട്ടുകൾ, ഡാൻസുകൾ<br>(എയറോബിക്) | ICT |
| കളിയുപകരണങ്ങൾ, പ്രദർശന വസ്തുക്കൾ നിർമ്മിക്കുന്നതിന് | നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് അവസരം ഒരുക്കുക | WE<br>മേളകൾ | വർണപ്പേപ്പറുകൾ<br>ഓല, ഈർക്കിൾ... | ഒരു മാസം ഒരതിഥി<br>നിർമ്മാണ പ്രവർത്തനങ്ങളിൽ കഴിവുള്ളവർ |
| ചിത്രരചനകളിൽ എർപ്പെടുന്നതിന് | വരയ്ക്കാം നിറം നൽകാം<br>വിവിധ വിഷയങ്ങൾ –പാഠഭാഗങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ചിത്രങ്ങൾ, പോസ്റ്റർ തുടങ്ങിയവയ്ക്ക് അവസരം നൽകുക | പാഠാസൂത്രണം<br>ചിത്രരചനാ ക്ലാസ് | കളറുകൾ<br>ഡ്രോയിംഗ് പേപ്പറുകൾ<br>ബുക്കുകൾ | ദിനാചരണം |
| ലഘു വ്യായാമങ്ങൾ ചെയ്യുന്നതിനും അവ ജീവിത ചര്യയായി മാറ്റുന്നതിനും | ലഘു വ്യായാമങ്ങളിലൂടെ ക്ലാസ് തുടങ്ങുക. സായാഹ്നം ആഴ്ചയിൽ വൈകുന്നേരം ലഘു വ്യായാമങ്ങൾ ശീലിക്കുക. | സുപ്രഭാതം<br>സായാഹ്നം<br>കഴിയുമെങ്കിൽ ദിവസവും | വിവിധ കളിയുപകരണങ്ങൾ | ICT |
| വിവിധ കളി നിയമങ്ങൾ അറിയുന്നതിന് | വിവിധ കളികളുമായി ബന്ധപ്പെട്ട് ക്ലാസ് നടത്തുക. കളികളിൽ എർപ്പെടുക | ലോകകപ്പ് മത്സരങ്ങൾ<br>ദിനാചരണം<br>കായിക മേളകൾ<br>പി.ടി | സ്പോർട്സ് പുസ്തകങ്ങൾ | ICT ഒരു മാസം ഒരതിഥി<br>കായിക താരം |

കുട്ടികളുടെ ഭാഷാപരവും, ശാസ്ത്രപരവും, മാനസിക, ശാരീരിക വികാസം ഉദ്ദേശം വെച്ചും ഒരു വർഷ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളുടെ സംഗ്രഹമാണ് മുകളിൽ സൂചിപ്പിച്ചിരിക്കുന്നത്. ഇവയുടെ ആസൂത്രണം സ്കൂൾ / ക്ലാസ് തലങ്ങളിൽ നടത്തുകയും , ഓരോ ക്ലാസിനും യോജിച്ചവ രേഖപ്പെടുത്തിയ സമയങ്ങളിൽ , ഓരോ വിഷയവുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ ആസൂത്രണം നടത്തുമ്പോൾ വിശദമായി ചർച്ചചെയ്യുകയും അതിന്റെ ഭാഗമായി പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യേണ്ടതുണ്ട്.

സ്കൂളിലെ/ ക്ലാസിലെ മുഴുവൻ കുട്ടികളെയും ലക്ഷ്യം വെച്ചുള്ള പ്രവർത്തനമായതിനാൽ എല്ലാവർക്കും അവസരമൊരുക്കുകയുംം നിലവലാരത്തിനനുസരിച്ച് നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്. ഇങ്ങനെ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ പൂർത്തീകരണ സമയത്ത് നമ്മൾ ലക്ഷ്യം വെച്ച ശേഷികൾ / കഴിവുകൾ കുട്ടികൾക്ക് നേടിയെടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.



വിശ്വസ്തതയോടെ

അധ്യാപകർ

